# ലാന്റ് റവന്യു കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-3)*

(ഹാജർ : ശ്രീ.കെ.ആർ.മുരളീധരൻ, ഐ.എ.എസ്)

എൽ.ആർ(റ്റി)4-13358/09(2) തീയതി : 15 .10.2010

വിഷയം :- ജീവനക്കാര്യം - ലാന്റ് റവന്യു വകുപ്പ് - കേരള റവന്യു മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് അന്തർ ജില്ലാ സ്ഥലമാറ്റം സംബന്ധിച്ച്- 2.1.61-ലെ ജി.ഒ (എം.എസ്)-4/61/PD നമ്പർ ഗവൺമെന്റ് ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാക്കാതെയുള്ള 10.9.84-മുതൽ 31.12.08-വരെയുള്ള LDC/VA-മാരുടെ സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-

1) ബഹു: ഹൈക്കോടതിയുടെ 21.03.1991-ലെ WA 789/09(1) -ാംനമ്പർ വിധിന്യായം.
2) ബഹു: ഹൈക്കോടതിയുടെ 26.03.2009-ലെ WP(C) 19076/08-ാം നമ്പർ വിധിന്യായം.
3) ബഹു: ഹൈക്കോടതിയുടെ 14.9.99-ലെ ഒ.പി.22276/98, 22193/98 നമ്പർ വിധിന്യായങ്ങൾ.
4) 8.3.93-ലെ ജി.ഒ(പി)123/93/RD നമ്പർ സർക്കാർ ഉത്തരവ്
5) ലാന്റ് റവന്യു കമ്മീഷണറുടെ 24.12.2001-ലെ LR(T)4- 49037/2001-ാം നം. നടപടിക്രമം
6) ലാന്റ് റവന്യു കമ്മീഷണറുടെ 24.12.2001-ലെ LR(T)4- 45228/00 നം. നടപടിക്രമം.
7) ലാന്റ് റവന്യു ഡെപ്യൂട്ടി കമ്മീഷണറുടെ 8.5.2003-ലെ LR(T)4-10851/02-ാം നം. നടപടിക്രമം
8) ലാന്റ് റവന്യു ഡെപ്യൂട്ടി കമ്മീഷണറുടെ 18.1.2005-ലെ LR(T)4-23/04 നമ്പർ നടപടിക്രമം
9) ലാന്റ് റവന്യു കമ്മീഷണറുടെ 8.8.2007-ലെ LR(T)4-23/ 04-ാം നം. നടപടിക്രമം
10) ലാന്റ് റവന്യു അഡീഷണൽ കമ്മീഷണറുടെ 22.7.2006-ലെ LR(T)4-19368/ 05-ാം നം. നടപടിക്രമം
11) ലാന്റ് റവന്യൂ അഡീഷണൽ കമ്മീഷണറുടെ 02.07.2008-ലെ എൽ.ആർ.ടി4-10300/06 നമ്പർ നടപടിക്രമം.
12) ലാന്റ് റവന്യു കമ്മീഷണറുടെ 17.03.2010-ലെ LR(T)4- 13358/ 2009(2)-ാം നം. നടപടിക്രമം
13) ലാന്റ് റവന്യു കമ്മീഷണറുടെ 15.10.2010-ലെ LR(T)4- 13358/ 2009(1)-ാം നം. നടപടിക്രമം
14) 14/10/2010-ലെ ജി.ഒ (ആർ.റ്റി)/4630/10/RD നമ്പർ സർക്കാർ ഉത്തരവ്

15) 15.102010ലെ 39221/T3/2009/RD നമ്പർ സർക്കാർ കത്ത്.

പരാമർശം (13)-പ്രകാരം 10.9.84-വരെയുള്ള LDC/VA-മാരുടെ സംസ്ഥാനതല സംയോജിത താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന (14) ലെ സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കി പുതുക്കി പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ആയതിന്റെ തുടർച്ചയായി 10.9.84-മുതൽ 31.12.08-വരെയുള്ള LDC/VA-മാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിച്ചു കൊണ്ടും പരാമർശം (5) മുതൽ (12)വരെയുള്ള നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റുകൾ റദ്ദു ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

ജില്ലാ കളക്ടർമാർ/ ബന്ധപ്പെട്ട മേലധികാരികൾ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് (അനുബന്ധം-1) യഥാവിധം ബന്ധപ്പെട്ട ജീവനക്കാർക്കിടയിൽ പരസ്യപ്പെടുത്തേണ്ടതും ആയതിനുള്ള സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഈ ലിസ്റ്റിൻമേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശവാദങ്ങളും **പതിനഞ്ച് ദിവസത്തിനകം** നിർദ്ദിഷ്ട പ്രഫോർമയിൽ (അനുബന്ധം-2) ബന്ധപ്പെട്ട ജില്ലാകളക്ടർമാർ/ആഫീസ് മേധാവികൾ ക്ക് സമർപ്പിക്കേണ്ടതാണ്.

ജീവനക്കാർ സമർപ്പിക്കുന്ന ആക്ഷേപങ്ങളും അവകാശവാദങ്ങളും പരിശോധിക്കുകയും, ടി ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്ന ജീവനക്കാരുടെ സേവനവിവരങ്ങൾ ഏതെങ്കിലും വിട്ടുപോകുകയോ തെറ്റായി ഉൾപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ ടി വിവരങ്ങളും ഉൾപ്പടെ ജില്ലാകളക്ടർമാർ / ആഫീസ് മേധാവികൾ വ്യക്തമായ റിപ്പോർട്ട് **08-11-2010** -നു മുമ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
കമ്മീഷണർ.

**പകർപ്പ് :**

1) അഡീഷണൽ ചീഫ് സെക്രട്ടറി,
റവന്യൂ വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

2) അഡ്വക്കേറ്റ് ജനറൽ,
   എറണാകുളം. (ആമുഖ കത്ത് സഹിതം)
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) സെക്രട്ടറി,
   ലാന്റ് ബോർഡ്, തിരുവനന്തപുരം.
5) ഡയറക്ടർ,
   ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,
   തിരുവനന്തപുരം.
6) ഡയറക്ടർ,
   സർവ്വെ & ലാന്റ് റിക്കാർഡ്സ്,
   തിരുവനന്തപുരം
7) ഡെപ്യൂട്ടി കളക്ടർ,
   വിജിലൻസ്,
   ഉത്തര/ദക്ഷിണ/മധ്യ മേഖല
8) കമ്മീഷണറുടെ സി.എ.യ്ക്ക്.
9) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
11) സൂപ്രണ്ട്, ഇ/ജി സെക്ഷൻ
12) ഇ4 സീറ്റ്

ഉത്തരവിൻപ്രകാരം
(ഒപ്പ്)
അസിസ്റ്റന്റ് കമ്മീഷണർ
(സീനിയോറിറ്റി സെൽ)